# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>ദുർബ്ബല ജനവിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പുതിയ പദ്ധതികൾ</u>

256 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച് നൽകിയിരിക്കുന്ന പാർപ്പിടങ്ങളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് പരാതികൾ പരിഹരിക്കുവാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഭവന നിർമ്മാണ ബോർഡിന്റെ പിഴ പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ദുർബ്ബല ജനവിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>നിയോജക മണ്ഡലങ്ങള്‍ക്ക് റോഡ് നിര്‍മ്മാണത്തിന് അനുവദിച്ച ഫണ്ട്</u>

257 ശ്രീ. എ. എ അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തില്‍ എത്ര നിയമസഭാ മണ്ഡലങ്ങളില്‍ റോഡ് നിര്‍മ്മാണത്തിനായി ഫണ്ട് അനുവദിച്ചുവെന്നും ഏതൊക്കെ മണ്ഡലങ്ങള്‍ക്കെന്നും എത്ര രൂപ വീതമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>കുടിൽ വ്യവസായവും നികുതിയും</u>

258 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ കായ് വറുത്തതും ചക്കവറുത്തതും കുടിൽ വ്യവസായമായി ചെയ്യുന്ന കർഷകർ പ്രസ്തുത കുടിൽ വ്യവസായത്തെ നികുതിയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

പെട്രോൾ വില വർദ്ധന

259 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ പെട്രോൾ വില വർദ്ധനവുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വില വർദ്ധനയുണ്ടായ അവസരങ്ങളിൽ കൂട്ടിയ വിലയുടെ വില്പന നികുതി വേണ്ടെന്ന് വച്ചിട്ടുള്ളത് എപ്പോഴെല്ലാം;

(സി) വിൽപ്പന നികുതി കുറച്ചതിനുശേഷവും, നിലവിലുണ്ടായിരുന്ന പെട്രോളിന്റെ വിലയേക്കാളും എത്ര രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്; ഇതുവഴി ജനങ്ങൾക്ക് എത്ര കോടിരൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ട്?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

ചെലവ് ചുരുക്കലും സാമ്പത്തിക നിയന്ത്രണവും

260 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെലവ് ചുരുക്കലിന്റെ ഭാഗമായി സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയി ട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

261 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനുള്ള ധനകാര്യ സൂചകങ്ങൾ പ്രകാരം 2011 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) മുൻ സർക്കാർ സ്ഥാനം ഒഴിയുമ്പോൾ ഖജനാവിൽ എന്തുതുക മിച്ചമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>കേരളത്തിന്റെ കടബാധ്യതയ്ക്ക് പ്രത്യേക പാക്കേജ്</u>

262 ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടബാധ്യത സംബന്ധിച്ച് പ്രത്യേക പാക്കേജ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത വിഷയം ജനപ്രതിനിധികൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രത്യേക പാക്കേജ് അനുവദിച്ചുകിട്ടുന്നതിന് ഗവൺമെന്റ് തലത്തിൽ എന്തുനടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>സര്‍ക്കാരിന്റെ കടബാദ്ധ്യതയും റവന്യൂകമ്മിയും</u>

263 ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ കടബാദ്ധ്യത കഴിഞ്ഞ അഞ്ചു വര്‍ഷം ക്രമാതീതമായി വര്‍ദ്ധിച്ചത് കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ റവന്യൂകമ്മി കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>സർക്കാരിന്റെ പൊതുകടം</u>

264 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-12-ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ കടബാദ്ധ്യത കുറച്ചുകൊണ്ട് വരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>ഗ്രേഡ് ലഭിച്ച സ്കെയിലിൽ ഓപ്ഷൻ നൽകുന്നതിനുള്ള അനുമതി</u>

265 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ ഉത്തരവ് ജി.ഒ.(പി)നം. 85/11/ ഫിൻ തീയതി 26.02.2011 അനുബന്ധം കക ഖണ്ഡിക 7(2) റൂൾസ് ഫോർ ഫിക്സേഷൻ പ്രകാരം 01.07.2009 നും ശമ്പളപരിഷ്ക്കരണ ഉത്തരവ് തീയതിക്കും ഇടയിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കപ്പെട്ട ജീവനക്കാർക്ക് ഗ്രേഡ് ലഭിച്ച സ്ക്കെയിലിൽ ഓപ്ഷൻ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളിലെ ശമ്പളപരിഷ്ക്കരണ ഉത്തരവുകളിൽ ഇത്തരത്തിൽ ഗ്രേഡ് ഓപ്ഷൻ നൽകുന്നതിനുള്ള അനുമതി നൽകിയുട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്പോഴത്തെ ശമ്പളപരിഷ്ക്കരണ ഉത്തരവിലും 01.07.2009 നും ശമ്പളപരിഷ്ക്കരണ ഉത്തരവ് തീയതിക്കും ഇടയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രേഡിന് ഓപ്ഷൻ അനുവദിക്കുന്നതിനുള്ള ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>ശമ്പളം, പെൻഷൻ പരിഷ്ക്കരണം എന്നിവ മൂലമുണ്ടായ അധികച്ചെലവ്</u>

266 ഡോ. ടി.എം. തോമസ് ഐസക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-10 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിലായി ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ എത്രകോടി രൂപ അധികം വകയിരുത്തിയിട്ടുണ്ട്;

(ബി) ശമ്പളം, പെൻഷൻ എന്നിവയുടെ പരിഷ്കരണത്തിനായി മൊത്തം എത്രകോടി രൂപയാണ് 2011-12 സാമ്പത്തിക വർഷത്തിൽ അധികച്ചെലവ് പ്രതീക്ഷിച്ചിരുന്നത്;

(സി) ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് 2010-11 ൽ എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി</u>

267 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി.ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിൽ ഇപ്പോൾ അംഗങ്ങളായിരിക്കുന്നവർ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണ് ;

(സി) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, ജനശ്രീ അംഗങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) നിയമത്തിന്റെ നൂലാമാലകൾ ഒഴിവാക്കി ക്ലെയിം കൃത്യസമയത്ത് നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

268 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.4.2004 മുതൽ ഏർപ്പെടുത്തിയതും തുടർന്നുവന്ന സർക്കാർ റദ്ദു ചെയ്തതുമായ പങ്കാളിത്ത പെൻഷൻ പദ്ധതി പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി സാമൂഹ്യ സുരക്ഷാക്ഷേമ പദ്ധതിയായി കണ്ട് സംരക്ഷിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയോടുളള സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>എം. എൻ ലക്ഷം വീട് നവീകരണ പദ്ധതി</u>

269 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ □എം. എൻ ലക്ഷം വീട് നവീകരണ പദ്ധതി□ പ്രകാരം എത്ര വീടുകൾ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ പഞ്ചായത്ത് തിരിച്ചുളള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>വ്യവഹാര നയം നടപ്പാക്കാൻ നടപടി</u>

270 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വ്യവഹാര നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വ്യവഹാരനയം നടപ്പാക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) വ്യവഹാരനയം നടപ്പിലാക്കുന്നതിനായി എത്ര കോടി രൂപയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക വിനിയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വ്യവഹാരനയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ മന്ദിരം</u>

271 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ മന്ദിരം പണിയുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും പ്രസ്തുത തുക വുകുപ്പിന് കൈമാറിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

ചെക്ക് പോസ്റ്റുകളിൽ കർശന നിരീക്ഷണം

272 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശന നിരീക്ഷണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(സി) കർശന നിരീക്ഷണം നടത്താത്തതുമൂലം സർക്കാരിനു ലഭിക്കേണ്ട നികുതിയുടെ ചോർച്ചയെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ</u>

273 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന് മുൻവർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സർക്കാരിന് ഉയർന്ന വരുമാനം ലഭ്യമാക്കുന്ന ഈ ഫെസ്റ്റിവലിന് ഈ വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മുൻവർഷങ്ങളിൽ അനുവദിച്ച തുകയേക്കാൾ ഈ വർഷം അനുവദിച്ച തുകയിൽ കുറവുണ്ടായതിനെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>പുതിയ ലോ്യറികള്‍</u>

274 ശ്രീ. ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവന നിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ ലോട്ടറികള്‍ ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള ലോട്ടറി സംവിധാനത്തില്‍ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) ലോട്ടറിയില്‍ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം ഏജന്റുമാര്‍ക്കും വില്പനക്കാര്‍ക്കും നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന **ഭാഗ്യക്കുറികൾ**</u>

275 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ഭാഗ്യക്കുറികൾ സംസ്ഥാനത്ത് ഇപ്പോൾ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിന്നുപോയ പ്രതിവാര ഭാഗ്യക്കുറികൾ പുന: രാരംഭിച്ചിട്ടുണ്ടോ;

(സി) മാരകരോഗം പിടിപെട്ടവരെ സഹായിക്കാനുള്ള കാരുണ്യ ലോട്ടറി ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ ഭാഗ്യക്കുറികൾ വില്പന നടത്തുന്നുണ്ട്;

(ഡി) ലോട്ടറി കേസിൽ സി.ബി.ഐ. അന്വേഷണം സാധ്യമാക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

<u>എം.എൽ.എ. മാരുടെ പ്രാദേശിക വികസന പദ്ധതി</u>

276 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ 2010-2011 വർഷത്തിൽ എം.എൽ.എ. മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ഭരണാനുമതി നൽകാൻ ബാക്കിയുള്ള തുക ഓരോ മണ്ഡലങ്ങളിലെയും തരംതിരിച്ചു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>ചെർപ്പുളശ്ശേരി ടൗൺ നവീകരണം</u>

277 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ടൗൺ നവീകരണം നടത്തുന്നതിനുവേണ്ടി 14-7-2011-ാം തീയതി ധനകാര്യ വകുപ്പിനു നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

നെന്മാറയിൽ പുതിയ സബ്ട്രഷറി

278 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിലെ ജീവനക്കാരും, പെൻഷൻകാരും, മറ്റുള്ളവരും കൊല്ല ങ്കോട് ട്രഷറിയെ മാത്രമാണ് ആശ്രയിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെല്ലിയാമ്പതി, പറമ്പിക്കുളം മലനിരകളിൽ താമസി ക്കുന്നവർക്ക് ഈ ഒരു ട്രഷറിയെ മാത്രം ആശ്രയിക്കേ ണ്ടിവരുന്നതിന്റെ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിന് നെന്മാറയിൽ ഒരു പുതിയ സബ് ട്രഷറി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

തരൂർ വടാഞ്ചേരിയിൽ ട്രഷറി കെട്ടിടം നിർമ്മാണം

279 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ വടക്കഞ്ചേരിയിൽ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഭൂമി കണ്ടെത്തിയില്ലെങ്കിൽ ആയത് കൈമാറുന്നതിന് എടുത്ത നടപടികൾ ഏത് ഘട്ടത്തിലാണ്; കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>കൊപ്പം ആസ്ഥാനമാക്കി സബ്ട്രഷറി</u>

280 ശ്രീ. സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി സബ്ട്രഷറി വിഭജിച്ച് കൊപ്പം ആസ്ഥാനമാക്കി ഒരു സബ്ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കോങ്ങാട് അസംബ്ലി മണ്ഡലത്തിൽ സബ്ട്രഷറി</u>

281 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുതിയതായി രൂപീകരിച്ച കോങ്ങാട് അസംബ്ലി മണ്ഡലത്തിന്റെ ആസ്ഥാനമായ കോങ്ങാട് ഒരു സബ്ട്രഷറി പോലും ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു സബ്ട്രഷറി സ്ഥാപിക്കുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളുമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത സബ്ട്രഷറി ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) 10.06.2011 ൽ 7/കെ.വി./2011-൦ നമ്പർ പ്രൊപ്പോസലായി ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നുള്ള വിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>അൽബറാകിന്റെ പുരോഗതി</u>

282 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇസ്ലാമിക ധനകാര്യ സ്ഥാപനമായ അൽബറാക് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം അൽബറാക്കിന്റെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ;

(സി) പലിശരഹിത ബാങ്കിംഗുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

ക്രമവിരുദ്ധമായി നികുതി ഒഴിവാക്കൽ

283 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. എസ്. ടി. നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കാതെ, കൊച്ചിയിലെ ഷിപ്പ്യാർഡിൽ, കപ്പലുകൾ/പത്തേമാരികൾ കൈമാറ്റം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കൈമാറ്റങ്ങൾ ഇതിനകം നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതുമൂലം എത്ര കോടി രൂപയുടെ നികുതി നഷ്ടം സംസ്ഥാനത്തിനുണ്ടാകുന്നുണ്ട്;

(സി) വില്പന കയറ്റുമതിയായി അവകാശപ്പെട്ട് എത്ര കപ്പലുകളുടെ വില്പന കൊച്ചി ഷിപ്പ്യാർഡിൽ നടന്നിട്ടുണ്ട്; ഏത് വർഷം മുതലാണ് കപ്പലുകൾ വില്പന ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ക്രമവിരുദ്ധമായി നികുതി ഒഴിവാക്കൽ ഉണ്ടാക്കിയ വില്പനകൾ എല്ലാം പരിശോധിച്ച് നികുതി പൂർണ്ണമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റുകൾ വഴിയുള്ള വരുമാനം</u>

284 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.6.2010 മുതൽ 15.09.2010 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകൾ വഴിയുള്ള വരുമാനം എത്രയായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയത് വെളിപ്പെടുത്താമോ ;

(ബി) 1.6.2011 മുതൽ 15.09.2011 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ വഴിയുള്ള വരുമാനം എത്രയാണ്; മുൻവർഷത്തെ ഈ കാലയളവിലെ വരുമാനത്തെ അപേക്ഷിച്ചു കുറവാണോ ; എങ്കിൽ കുറവെത്ര ; ആയതിന്റെ കാരണം വ്യക്തമാക്കുമോ ; കൂടുതലാണെങ്കിൽ എത്ര കൂടുതൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) 1.6.2010 മുതൽ 15.09.2010 വരെ വാളയാർ ചെക്ക് പോസ്റ്റ് വഴിയുള്ള വരുമാനം എത്രയായിരുന്നു ;

(ഡി) 1.6.2011 മുതൽ 15.9.2011 വരെ വാളയാർ ചെക്ക് പോസ്റ്റ് വഴിയുള്ള വരുമാനം എത്രയാണ് ;

(ഇ) പ്രസ്തുത കാലയളവിലെ വരുമാനത്തിൽ കുറവുവരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

ചെക്ക് പോസ്റ്റ് നവീകരണം

285 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമവും അഴിമതിവിമുക്തവും സുതാര്യവും ആക്കുന്നതി വേണ്ടി മുൻ സർക്കാർ ചെക്ക് പോസ്റ്റുകളിൽ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ പുരോഗതി വ്യക്ത മാക്കാമോ ;

(ബി) ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നടപടികളുടെ ഫലമായി സംസ്ഥാനത്തിന് ലഭിച്ച അധിക വരുമാനത്തിന്റെ കണക്ക് വ്യക്ത മാക്കുമോ ;

(സി) സുതാര്യവും അഴിമതിവിമുക്തവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടി ചെക്ക് പോസ്റ്റുകളിൽ എന്തെല്ലാം കൂടുതൽ ക്രമീകരണ ങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാന റവന്യൂ വരുമാനത്തിന്റെ ശരാശരി വളർച്ചാനിരക്ക്</u>

286 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റവന്യൂ വരുമാനത്തിൽ മൊത്തം നികുതി, കേന്ദ്ര നികുതി വിഹിതം, തനതു സംസ്ഥാന നികുതി, നികുതിയേതര വരുമാനം എന്നിവ 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിലും 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിലും ശരാശരി എത്ര ശതമാനം വീതമായിരുന്നു;

(ബി) സംസ്ഥാന നികുതിവരുമാനം, സംസ്ഥാന തനതുനികുതിയേതര വരുമാനം, സംസ്ഥാന തനതു റവന്യൂ വരുമാനം, കേന്ദ്ര നികുതി വിഹിതവും ഗ്രാന്റുകളും മൊത്തം റവന്യൂ വരുമാനം എന്നിവയുടെ 2001-02 മുതൽ 2005-06 വരെ കാലയളവിലും 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിലും ശരാശരി വളർച്ചാനിരക്ക് എത്രയായിരുന്നു ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>ജി. എസ്. ഡി.പി പദ്ധതി</u>

287 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001-2002, 2005-06, 2010-11 എന്നീ വർഷങ്ങളിൽ റവന്യൂ കമ്മി, ധനക്കമ്മി, പ്രാഥമിക കമ്മി എന്നിവ ജി.എസ്.ഡി.പി യുടെ എത്ര ശതമാനം വീതമായിരുന്നു ;

(ബി) 2001-02 മുതൽ 2006-07 വരെയും 2006-07 മുതൽ 2010-11 വരെയും റവന്യൂക്കമ്മി, ധനക്കമ്മി, പ്രാഥമിക കമ്മി എന്നിവ ജി.എസ്. ഡി.പി യുടെ എത്ര ശതമാനം വീതമായിരുന്നു ;

(സി) 2001-02 മുതൽ 2005-2006 വരെയും 2006-2007 മുതൽ 2010-11 വരെയും ഉള്ള കാലയളവുകളിൽ റവന്യൂകമ്മി, ധനക്കമ്മിയുടെ ശരാശരി എത്ര ശതമാനം വീതമായിരുന്നു ;

(ഡി) 2010 11 ൽ കേന്ദ്രസർക്കാരിന്റെ റവന്യൂകമ്മി, ധനക്കമ്മി, പ്രാഥമിക കമ്മി എന്നിവ ജി.എസ്.ഡി.പി യുടെ എത്ര ശതമാനം വീതമായിരുന്നു എന്ന് അറിയാമോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

ജി. എസ്. ഡി. പിയുടെ വളർച്ചാ നിരക്ക്

288 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2000-01 മുതൽ 2005-06 വരെയുള്ള കാലയളവിൽ സ്ഥിരവിലയിലും കമ്പോളവിലയിലും ജി. എസ്. ഡി. പിയുടെ വളർച്ചാ നിരക്ക് എത്രയായിരുന്നു;

(ബി) 2006-2007 മുതൽ 2009-2010 വരെയുള്ള കാലയളവിൽ സ്ഥിരവിലയിലും കമ്പോള വിലയിലും ജി. എസ്. ഡി. പി. യുടെ വളർച്ചാ നിരക്ക് എത്രയായിരുന്നു.

(സി) 2004-05 ൽ സ്ഥിരവിലയിലും കമ്പോളവിലയിലും ജി. എസ്. ഡി. പി. യുടെ വളർച്ചാ നിരക്ക് എത്രയായിരുന്നു;

(ഡി) 2000-01 ലും 2005-06-ലും ജി. എസ്. ഡി. പി യിൽ പ്രാഥമിക-ദ്വിതീയ മേഖലകളുടെ വിഹിതം എത്ര ശതമാനം വീതമായിരുന്നു?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

റവന്യൂ വരുമാനവും ജി.എസ്.ഡി.പി.യും

289 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2000-01, 2005-06, 2010-11 എന്നീ വർഷങ്ങളിൽ വികസനചെലവ്, മൂലധനചെലവ്, പദ്ധതി ചെലവ് എന്നിവ സംസ്ഥാന റവന്യൂ വരുമാനത്തിന്റെയും റവന്യൂ ചെലവിന്റെയും ജി.എസ്.ഡി.പി. യുടെയും എത്ര ശതമാനം വീതമായിരുന്നു ;

(ബി) മേൽപ്പറഞ്ഞ വർഷങ്ങളിൽ ശമ്പളം, പെൻഷൻ, പലിശ എന്നിവ റവന്യൂ വരുമാനത്തിന്റെയും റവന്യൂ ചെലവിന്റെയും ജി.എസ്.ഡി.പി. യുടെയും എത്ര ശതമാനം വീതമായിരുന്നു ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>100 രൂപ മുദ്രപ്പത്രത്തിനുള്ള ക്ഷാമം</u>

290 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100 രൂപ മുദ്രപ്പത്രത്തിന് ക്ഷാമം നേരിടുന്നതായി ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വെണ്ടർമാർക്ക് നൽകുന്ന മുദ്രപ്പത്രത്തിന്റെ എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>പുതിയ നിയമനിർമ്മാണങ്ങൾ</u>

291 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നടത്തുവാനുദ്ദേശിക്കുന്ന നിയമനിർമ്മാണങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം നിയമനിർമ്മാണ നിർദ്ദേശങ്ങൾക്ക് ഇതിനകം അന്തിമരൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>മൈത്രി ഭവന നിർമ്മാണ പദ്ധതി</u>

292

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ ഭവനനിർമ്മാണ ബോർഡുമായി കരാറുണ്ടാക്കി നടപ്പിലാക്കിയ മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര പേർക്കാണ് വീട് നിർമ്മിച്ചു നൽകിയിട്ടുള്ളത്; എന്നാണ് ഇതു സംബന്ധിച്ച എഗ്രിമെന്റ് ഒപ്പുവച്ചത്;

(ബി) ഗ്രാമപഞ്ചായത്തുകൾ വായ്പാതുക തിരിച്ചടയ്ക്കുന്നുണ്ടോ; ഇതുവരെ എത്ര രൂപാ വീതം ഓരോ ഗുണഭോക്താവിനുവേണ്ടി അടച്ചിട്ടുണ്ട്; ആയതിന്റെ രേഖകൾ ലഭ്യമാക്കുമോ;

(സി) വീട് നിർമ്മിച്ചവർക്ക് ആധാരങ്ങൾ തിരികെ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം എടുത്ത വായ്പകൾ എഴുതിത്തള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

**കേരള നിയമസഭ**
**26.09.2011-ലെ മറുപടിക്ക്**

ഭവന നിർമ്മാണ പദ്ധതികൾക്കുള്ള സർക്കാർ സഹായം

293 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളിൽ ഓരോന്നിനും ലഭിക്കുന്ന സർക്കാരിന്റെ സഹായം ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ഭവന ആവശ്യകത</u>

294 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത അഞ്ചുവർഷക്കാലത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ ഭവന ആവശ്യകത സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ;

(സി) ആവശ്യകതയ്ക്കനുസരിച്ച് നിർമ്മാണ പ്രവർത്തനം നടത്താൻ ഏതൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിനായി എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; അതിനുള്ള വിഭവ സമാഹരണം ഏതു വിധത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 26.09.2011-ലെ മറുപടിക്ക്

<u>ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതി.</u>

295 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വഴി പുതിയ ഭവന പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഹൗസിംഗ് ബോർഡ് നടപ്പിലാക്കിയിരുന്ന മൈത്രി ഭവന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഹൗസിംഗ് ബോർഡിന്റെ പണി പൂർത്തീകരിച്ച ഫ്ളാറ്റുകൾ എത്രയെണ്ണമെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഹൗസിംഗ് ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

<u>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള ഭവന നിർമ്മാണ വായ്പ</u>

296 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ഷാഫി പറമ്പിൽ
'' ജോസഫ് വാഴക്കൻ
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ;

(ബി) ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾക്കുള്ള വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു കണക്കിലെടുത്ത് ഭവന നിർമ്മാണ വായ്പയ്ക്ക് സർക്കാർ ഈടുനിൽക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകുമോ ;

(ഡി) എങ്കിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണം തേടുമോ ;

(ഇ) വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

പാർപ്പിട നിർമ്മാണ പദ്ധതി

297 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ കുടുംബങ്ങളുടെ വിശദവിവരം സർക്കാർ തലത്തിൽ ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ :

(ബി) പാലക്കാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി ഭവനമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത് : വിശദാംശം ലഭ്യമാക്കാമോ ;

(സി) ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് പാലക്കാട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് പ്രോജക്ടുകൾ ഉള്ളത് ; പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇടത്തരക്കാരും ഭവനരഹിതരുമായ സർക്കാർ ജീവനക്കാർക്ക് ഹൗസിങ്ങ് ബോർഡ് മുഖേന വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(എഫ്) 'എല്ലാവർക്കും പാർപ്പിടം' എന്ന സർക്കാർ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ ?

പാർപ്പിട നയം

298 ശ്രീ. കെ.കെ. ജയചന്ദ്രൻ

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ പാർപ്പിട നയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നയത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.09.2011-ലെ മറുപടിക്ക്

ഫ്ളാറ്റ് തട്ടിപ്പ് തടയാൻ നിയമനിർമ്മാണം

299 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫ്ളാറ്റ് തട്ടിപ്പ് നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃത ഫ്ളാറ്റ് കമ്പനികളെ നിയന്ത്രിക്കാൻ പര്യാപ്തമായ നിയമം സംസ്ഥാനത്ത് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇത്തരം നിയമം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 17.